ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 2011-12 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 പ്രവൃത്തി ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളിലെ കുറഞ്ഞത് 90 ദിവസമെങ്കിലും പണിയെടുത്ത 113680 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി 1,000 രൂപാ വീതം ഒറ്റത്തവണ ധനസഹായം നൽകി. ഇതിലേയ്ക്കായി 11.37 കോടി രൂപ 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിലായി നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം ജോലി ചെയ്ത സ്ത്രീ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്യ. ഇതിലേയ്ക്കായി 13,61,24800 രൂപ സർക്കാർ അനുവദിച്ചു.

(ഡി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

33 (1401) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014 -15 സാമ്പത്തിക വർഷത്തിൽ ആകെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര പേർക്ക് പ്രസ്തുത കാലയളവിൽ തൊഴിൽ നൽകിയെന്നും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇക്കാലയളവിൽ എത്ര തുക വേതനമായി നൽകിയെന്നും, വേതന കുടിശ്ശിക നിലവിലുണ്ടോയെന്നും എങ്കിൽ അത് എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 588.19 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ 13.79 ലക്ഷം കുടുംബങ്ങളിലെ 15.12 ലക്ഷം പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ശരാശരി 42.6 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ അവിദഗ്ധ കായിക തൊഴിൽ വേതനമായി 150062.26 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷത്തെ വേതന കുടിശ്ശിക 3357.22 ലക്ഷം രൂപയാണ്.

പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന

34 (1402) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് 2014-15-ൽ നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനു പുറമെ അതാതു ജില്ലകളിൽ കൂടി പ്രതിമാസ അവലോകനയോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാകളക്ടർമാർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly